# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 462

## (08.08.2017 ലെ മറുപടിക്ക്)

## എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി.ടി.ബൽറാം | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ; | ഉണ്ട്. |
| (ബി) | എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്തു പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സർക്കാർ സ്ഥാപനങ്ങൾ മുഖേനയോ സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാരിതര സ്ഥാപനങ്ങൾ മുഖേനയോ ആണ് നടപ്പിലാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എം.എൽ.എമാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ലാഭകരമായും വേഗത്തിലും നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ഗുണഭോക്തൃ സമിതികൾ മുഖേന ചെയ്യുന്നത്. 29/2/2016-ലെ സ.ഉ.(പി)നം. 30/2016/ധന പ്രകാരം ഉപഭോക്തൃസമിതി (ബെനിഫിഷറി കമ്മിറ്റി) മുഖേന നടത്തപ്പെടുന്ന മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപഭോക്തൃസമിതികൾ ലാഭേച്ഛയോടെയല്ല പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്നതുകൊണ്ടാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ